A

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

404

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016-17

## പരിസരപഠനം

സ്റ്റാൻഡേർഡ് - IV

സമയം : 2 മണിക്കൂർ

കുട്ടിയുടെ പേര് ........................................................................

വിദ്യാലയത്തിന്റെ പേര് ..............................................................

രക്ഷിതാവിന്റെ ഒപ്പ് ...................................................................

അധ്യാപകന്റെ ഒപ്പ് ....................................................................

| പ്രവർത്തനങ്ങൾ | ഗ്രേഡ് |
|---|---|
| പ്രവർത്തനം 1 | |
| പ്രവർത്തനം 2 | |
| പ്രവർത്തനം 3 | |
| പ്രവർത്തനം 4 | |
| പ്രവർത്തനം 5 | |
| ഓവറോൾ ഗ്രേഡ് | |

---

പ്രവർത്തനം - 1

പഠനയാത്രയിൽ കണ്ട ജീവികളുടെ പേര് അമ്പിളി തന്റെ ഡയറിയിൽ കുറിച്ചു.

**ആന, ആമ, മുതല, ആട്, പുലി, പൂച്ച, പാമ്പ്, ചെമ്മീൻ, കൊക്ക്, തവള, ഗോൾഡ്ഫിഷ്, കോഴി, നക്ഷത്രമത്സ്യം, ഡോൾഫിൻ**

എ. " അവയെ പാർപ്പിച്ചിരിക്കുന്നത് വ്യത്യസ്തമായ സ്ഥലങ്ങളിലാണ്" അവൾ ആലോചിച്ചു. വാസസ്ഥലത്തിന്റെ സവിശേഷതകൾ പരിഗണിച്ച് ഈ ജീവികളെ നിങ്ങൾക്ക് തരംതരിക്കാമോ ?

| .............................. | .............................. | .............................. |
|---|---|---|
| | | |

ബി. ജലത്തിൽ നീന്തിക്കളിക്കുന്ന മത്സ്യത്തെക്കണ്ട് അമ്പിളിയ്ക്ക് കണ്ണെടുക്കാനേ തോന്നി യില്ല. അവൾ മത്സ്യത്തെ ഡയറിയിൽ വരച്ചത് നോക്കൂ. നിറം കൊടുക്കാൻ മറക്കരു തേ..................



സി. "എനിക്കും ഈ മത്സ്യത്തെപ്പോലെ നീന്തിക്കളിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ..... പക്ഷേ എനിക്ക് ജലത്തിൽ ജീവിക്കാനുള്ള കഴിവില്ലല്ലോ...." അമ്പിളി ചിന്തിച്ചു. മത്സ്യത്തിന് ജലത്തിൽ ജീവിക്കുന്നതിനനുയോജ്യമായ ശാരീരിക പ്രത്യേകതകളു ണ്ട്. സഞ്ചാരം, ശ്വസനം എന്നിവയുമായി ബന്ധപ്പെട്ട് എന്തൊക്കെ അനുകൂലനങ്ങൾ മത്സ്യത്തിന് ഉണ്ട്?

പ്രവർത്തനം 2

അമ്പിളിയും കൂട്ടുകാരും രാവിലെ പ്രകൃതി നടത്തത്തിനിറങ്ങി. നെല്ല്, മാവ്, മുള, തേക്ക്, പ്ലാവ്, തെങ്ങ്, കവുങ്ങ്, തുളസി, ചെമ്പരത്തി എന്നീ സസ്യങ്ങളെ നിരീക്ഷിച്ചു. ഈ സസ്യങ്ങളെ ആശയഭൂപടത്തിൽ ക്രമീകരിക്കൂ...

എ.



ബി. "ആഞ്ഞിലി ഒരു ദ്വിബീജപത്രസസ്യമാണ്" അമ്മു പറഞ്ഞു. അപ്പോൾ അമ്പിളി അതിന്റെ സിരാവിന്യാസം വേരുപടലം എന്നിവയെക്കുറിച്ചാണ് ആലോചിച്ചത്. നിങ്ങൾക്ക് ആഞ്ഞിലിയുടെ വേരുപടലം, സിരാവിന്യാസംഎന്നിവയുടെ ചിത്രം വരയ്ക്കാമോ ?

വേരുപടലം



സിരാവിന്യാസം



പ്രവർത്തനം 3

എ. സ്വാതന്ത്ര്യദിന റാലിയിൽ പങ്കെടുക്കുന്നതിനായി അമ്പിളിയും കൂട്ടുകാരും തയ്യാറാക്കിയ പ്ലക്കാർഡുകളിലെ വ്യക്തികളെ തിരിച്ചറിയൂ...



..............................



..............................



..............................



..............................

ബി. സ്വാതന്ത്ര്യസമരചരിത്രത്തിലെ ചില സംഭവങ്ങളുമായി ബന്ധപ്പെട്ട പട്ടിക തയ്യാറാക്കുകയാണ് അമ്പിളി. വിട്ടുപോയ കളങ്ങൾ പൂർത്തിയാക്കൂ.

| സംഭവം | വർഷം | സ്ഥലം | സംഭവവുമായി ബന്ധപ്പെട്ട വ്യക്തി |
|---|---|---|---|
| ജാലിയൻവാലാബാഗ് | | | ഡോ.സത്യപാൽ |
| ഉപ്പുസത്യാഗ്രഹം | 1930 | | |
| ക്വിറ്റ് ഇന്ത്യാ | | ബോംബെ | |

സി. സ്വാതന്ത്ര്യസമരചരിത്രത്തിലെ ഓരോ സംഭവത്തിനും അതിന്റേതായ പ്രാധാന്യം ഉണ്ട്. ഏതെങ്കിലും ഒരു സംഭവത്തെക്കുറിച്ച് വിവരണം തയ്യാറാക്കൂ. (അതിന്റെ പ്രാധാന്യം, വർഷം, ബന്ധപ്പെട്ട വ്യക്തി, മറ്റ് പ്രത്യേകതകൾ എന്നിവ ഉൾപ്പെടുത്തുമല്ലോ?)

പ്രവർത്തനം 4

എ. അമ്പിളിയുടെ പരിസരപുസ്തകത്തിൽ ഒട്ടിച്ചിരിക്കുന്ന ചിത്രങ്ങളാണ് ഇവ. ചിത്രങ്ങൾ പരിശോധിച്ച് ഓരോ പക്ഷിയുടെയും ചുണ്ടുകളും കാലുകളും തമ്മിൽ വരച്ചു യോജിപ്പിക്കൂ...









ബി. പക്ഷികളുടെ ചുണ്ടുകളും കാലുകളും നിരീക്ഷിച്ചിട്ടുണ്ടല്ലോ ? താഴെ പറയുന്ന പക്ഷികളുടെ ചുണ്ടുകൾക്കും കാലുകൾക്കും എന്തു പ്രത്യേകതകളാണുള്ളത്? കുറിക്കൂ...

| | |
|---|---|
| പരുന്ത് | • ചുണ്ട്<br>• കാല് |
| കൊക്ക് | • ചുണ്ട്<br>• കാല് |
| താറാവ് | • ചുണ്ട്<br>• കാല് |

സി. പക്ഷികളുടെ ചുണ്ടുകളും കാലുകളും അവയുടെ ആഹാരസമ്പാദനത്തിന് സഹായകമാണോ ? ഏതെങ്കിലും രണ്ട് പക്ഷികളുടെ ആഹാരസമ്പാദനത്തെക്കുറിച്ച് വിശദീകരിക്കൂ.

പ്രവർത്തനം 5

പരിസ്ഥിതി ദിനാഘോഷത്തിൽ അമ്പിളിയും കൂട്ടുകാരും ആലപിച്ച ഗാനം വായിച്ചു നോക്കൂ....

" ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ ?
മലിനമായ ജലാശയം അതിമലിനമായൊരു ഭൂമിയും
തണലുകിട്ടാൻ തപസ്സിലാണിന്നിവിടെയെല്ലാ മലകളും
ദാഹനീരിനു നാവുനീട്ടി വരണ്ടുപുഴകൾ സർവ്വവും (ഇനിവരു....)

എ. ഇത്തരം അവസ്ഥ നമുക്ക് ചുറ്റുമുണ്ടല്ലോ. ഇതിനൊക്കെ എന്താകാം കാരണങ്ങൾ? പരിസ്ഥിതി നാശത്തിന് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾ കണ്ടെത്തി എഴുതുക.